**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 715** **24-08-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ സബ് സ്റ്റേഷൻ നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ പുതിയ സബ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷനുകൾ ആരംഭിക്കാൻ കെ. എസ്. ഇ.ബോർഡ് ലിമിറ്റഡിന് നിലവിൽ പദ്ധതി കളില്ല. എന്നാൽ കേന്ദ്ര ഊർജ്ജവകുപ്പിന്റെ ഭാഗമായ REC ട്രാൻസ്മിഷൻ പ്രൊജക്ട് കമ്പനി ലിമിറ്റഡ്, താരിഫ് ബേസ്ഡ് കോംപറ്റിറ്റീവ് ബിഡിംഗ് (TBCB) വ്യവസ്ഥയിൽ ക്ഷണിച്ച, ടെൻഡർ ലഭിച്ച കമ്പനിയായ സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനി ഒരു 400 കെ.വി സബ്സ്റ്റേഷൻ കാഞ്ഞങ്ങാട് മണ്ഡലത്തിൽ സ്ഥാപിക്കുന്നുണ്ട്. ഈ പ്രവൃത്തിയുമായി കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല. |
| (ബി) | എങ്കിൽ പ്രസ്തുത സബ് സ്റ്റേഷനുകൾ എവിടെയൊക്കെയാണെന്നും ആയതിനുള്ള നടപടികൾ ഏത് ഘട്ടത്തിൽ ആണെന്നും വിശദമാക്കാമോ? | (ബി) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ കരിന്തളത്താണ് പ്രസ്തുത 400 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത്. ഈ സബ്സ്റ്റേഷന്റെ കെട്ടിട നിർമ്മാണം, ഉപകരണങ്ങൾ സ്ഥാപിക്കുന്നതി നുള്ള ഫൗണ്ടേഷൻ ജോലികൾ തുടങ്ങിയവ പുരോഗമിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ